

# രാമ രാമ രാമ രാമ

രാമ രാമ രാമ രാമ   രാമ രാമ രാമ
രാമ രാമ രാമ രാമ   രാമ രാമ പാഹിമാം [൦൦൧]

രാഘവാ മനോഹരാ   മുകുന്ദ രാമ പാഹിമാം
രാവണാന്‍തകാ മുകുന്‍ദ   രാമ രാമ പാഹിമാം [൦൦൨]

ഭക്തി മുക്തി ദായകാ   പുരന്‍ദരാദി സേവിതാ
ഭാഗ്യവാരിധേ ജയ   മുകുന്‍ദ രാമ പാഹിമാം [൦൦൩]

ദീനതകല്‍ നീക്കി നീ   അനുഗ്രഹിക്ക സാദരം
മാനവ ശിഖാമണേ   മുകുന്‍ദ രാമ പാഹിമാം [൦൦൪]

നിന്‍ ചരിതം ഓതുവാന്‍   നിനവിലോര്‍മ തോന്നണം
പംചസായ കോപമാ   മുകുന്‍ദ രാമ പാഹിമാം [൦൦൫]

ശംകര സദാശിവാ   നമഃശിവായ മംഗള
ചന്‍ദ്രശേഖരാ ഭഗവല്‍   ഭക്തി കൊണ്ടു ഞാനിത [൦൦൬]

രാമ മന്‍ത്ര മോതിടുന്നി   താമയങ്ങല്‍ നീങ്ങുവാന്‍
രാമ രാഘവാ മുകുന്‍ദ   രാമ രാമ പാഹിമാം [൦൦൭]

ഭക്ത വത്സലാ മുകുന്‍ദ   പദ്മനാഭ പാഹിമാം
പന്നഗാരി വാഹനാ   മുകുന്‍ദ രാമ പാഹിമാം [൦൦൮]

കാൽത്തളിരടിയിണ കനിഞ്ഞു കൂപ്പുമേന്നുടേ
കാല ദോശമാകവേ കളഞ്ഞു രക്ഷ ചെയ്കമാം [൦൦൯]

പാരിടേ ദരിദ്ര ദുഃഖ മേകിടാതേനിക്കു നീ
ഭൂരിമോദ മേകണം മുകുൻദ രാമ പാഹിമാം [൦൧൦]

ശ്രീകരം ഭവിക്കണം എനിക്കു ശ്രീപതേ വിഭോ
ശ്രീനിധേ ദയാനിധേ മുകുൻദ രാമ പാഹിമാം [൦൧൧]

വിഘ്നമൊക്കെയും അകറ്റി വിശ്വകീർത്തി പൂർത്തിയായ്
വന്നീടാനനുഗ്രഹിക്ക രാമ രാമ പാഹിമാം [൦൧൨]

വിത്തവാനുമാകണം വിശേഷബുദ്ധി തോന്നണം
വിശ്വനായകാ വിഭോ മുകുൻദ രാമ പാഹിമാം [൦൧൩]

രോഗ പീഢ വന്നണഞ്ഞു രോഗിയായ് വലഞ്ഞിടാതെ
ദേഹരക്ഷ ചേയ്യണം മുകുൻദ രാമ പാഹിമാം [൦൧൪]

പുത്ര മിത്ര ദാര ദുഃഖ മെത്രയും ഒഴിച്ചു നീ
മിത്ര വംസ ശംഭവാ മുകുൻദ രാമ പാഹിമാം [൦൧൫]

ജന്മമുക്തി വന്നിടാനു മിന്നെനിക്കോരു വരം
ജാതമായ് വരേണമേ മുകുൻദ രാമ പാഹിമാം [൦൧൬]

ജാനകീ മനോഹരാ മനോഭിരാമ പാഹിമാം
  ദീന രക്ഷകാ വിഭോ  മുകുൻദ രാമ പാഹിമാം [൦൧൭]

ശിക്ഷയോടു മത്സ്യമായ്  അവതരിച്ച മാധവാ
  വക്ഷസാംകിതം ഭവിച്ച  രാമ രാമ പാഹിമാം [൦൧൮]

ധർമ്മമോടു മൻദരം  ഉയർത്തുവാനായങ്ങുടൻ
  കൂർമ്മമായ് അവതരിച്ച  രാമ രാമ പാഹിമാം [൦൧൯]

പാരിടം പിളർന്നു ചെന്നു  തേറ്റമേലിൻ ഭൂമിയേ
  പന്നിയായി വീണ്ടു കൊണ്ട  രാമ രാമ പാഹിമാം [൦൨൦]

നാരസിംഹ രൂപമായ്  അവതരിച്ചു നീപുരാ
  നീതിയായ് ഹിരണ്യനേ  ഹനിച്ച രാമ പാഹിമാം [൦൨൧]

ജഗത്രയങ്ങൽ മൂനടിയായ്  അങ്ങളന്നു വാങ്ങുവാൻ
  ജാതനായ വാമനാ  മുകുൻദ രാമ പാഹിമാം [൦൨൨]

ഭംഗിയോഢു ഭൂമി തന്നേ  ബ്രാഹ്മണർക്കു നല്കുവാൻ
  ഭാർഗവനായ് വന്നുദിച്ച  രാമ രാമ പാഹിമാം [൦൨൩]

ഭൂമിഭാര മാശു തീർത്തു  രക്ഷ ചെയ്വതിന്നഹോ
  ബ്രഹ്മ ദേവനാൽ വരിച്ച  രാമ രാമ പാഹിമാം [൦൨൪]

ആകയാലയോദ്ധ്യ മന്ന നാം ദശരഥന്നുടേ
ആത്മ പുത്രനായ് ജനിച്ച രാമ രാമ പാഹിമാം [൦൨൫]

സോദരന്മാർ മൂവരോടും ആദരേണ മൻദിരെ
സാദരം വളർൻനോരെൻ മുകുൻദ രാമ പാഹിമാം [൦൨൬]

യാഗരക്ഷ ചേയ്‌വതിന്നു യോഗിയാം മുനീന്ദ്രനോടു
ആഗമിച്ച രാഘവാ മുകുൻദ രാമ പാഹിമാം [൦൨൭]

വില്ലുമമ്പുമായ് പിറകെ ലക്ഷ്മണനുമായുടൻ
ഉല്ലസിച്ചു നിർഗ്ഗമിച്ച രാമ രാമ പാഹിമാം [൦൨൮]

മൻത്രവും ഗ്രഹിച്ചു തത്ര ക്ഷുത്ത്രുടാദിയും ഓഴിച്ചു
മോദമായ് വനം പുകിൻത രാമ രാമ പാഹിമാം [൦൨൯]

മാർഗ്ഗ മദ്ധ്യേ വന്നടുത്ത രാക്ഷസിയേ നിഗ്രഹിച്ചു
മാർഗ്ഗ വിഭ്രമം കേടുത്ത രാമ രാമ പാഹിമാം [൦൩൦]

ദുഷ്ടരാം നിശാചര വധം കഴിച്ചു യാഗവും
പുഷ്ടമായ് മുടിച്ചു നീ മുകുൻദ രാമ പാഹിമാം [൦൩൧]

ആശ്രമേ മുനിയുമായിരുന്നു മൂന്നു വാസരം
ആശ്വസിച്ച രാഘവാ മുകുൻദ രാമ പാഹിമാം [൦൩൨]

അന്യനാളുഷസി പിന്നെ വിശ്വമിത്രനോടുമായ്
അന്നവിടന്നു ഗമിച്ച രാമ രാമ പാഹിമാം [൦൧൧]

ഗൌതമൻറെ ശാപമേട്ടു കല്ലതായ് കിടന്നൊരു
ഖംജനേർ മിഴിക്കു മോക്ഷ മീണ്ട രാമ പാഹിമാം [൦൧൨]

വിദേഹരാജ്യ മുല്പ്പുകിൻദു വിശ്വനായകനുടേ
വിൽമുറിച്ചു സീതയേ വരിച്ച രാമ പാഹിമാം [൦൧൫]

പോന്നിടും ദശാൻതരേ എതിർത്തു വന്ന ഭാർഗ്ഗവൻ
തന്നെയും ജയിച്ചു നീ മുകുൻദ രാമ പാഹിമാം [൦൧൩]

വന്നയോദ്ധ്യ പുക്കുതൻറേ മൻദിരെ ചിരം വസിച്ച
മന്നവാ മനോഹരാ മുകുൻദ രാമ പാഹിമാം [൦൧൭]

നാടുവാഴി ആക്കുവാൻ ഒരുമ്മി താതനപ്പോഴേ
കാഡുവാഴിയാക്കിയമ്മ രാമ രാമ പാഹിമാം [൦൧൮]

അരസകം നിനച്ചിടാതേ ഭരതനങ്ങു രാജ്യവും
അഭിഷേകത്തിനാജ്ഞ ചെയ്ത രാമ രാമ പാഹിമാം [൦൧൯]

താത കല്പന വഹിച്ചു തമ്പിയോടുമായ് വനേ
സീതയോടുമായ് ഗമിച്ച രാമ രാമ പാഹിമാം [൦൨൦]

അച്ഛനോടുമമ്മയോടും ആശീർവാദും വഹിച്ചു
തുച്ഛമായ വല്കലം ധരിച്ച രാമ പാഹിമാം [൦൪൧]

മൻത്രിയാം സുമൻത്രരോടുമായ് രഥം കരേറി നീ
യൻത്ര വേഗമായ് ഗമിച്ച രാമ രാമ പാഹിമാം [൦൪൨]

വന്നൊരു ഗുഹനോടന്നു നൻദി പൂരവമായുടൻ
സന്നമായ നദി കടന്ന രാമ രാമ പാഹിമാം [൦൪൩]

പൂർത്തിയായ് ഭരദ്വാജൻറെ ആശ്രമാമകം പുകിൻതു
പ്രീതിയോടനുഗ്രഹിച്ച രാമ രാമ പാഹിമാം [൦൪൪]

മാമുനീൻദ്രനായിടുന്ന വാൽമീകിയേയും മുദാ
ക്ഷേമമോടനുഗ്രഹിച്ച രാമ രാമ പാഹിമാം [൦൪൫]

ചിത്രകൂഡമാഗമിച്ചു പർണ്ണശാലയും ചമച്ചു
ശുദ്ധ പത്നിയോടുമങ്ങിരുന്ന രാമ പാഹിമാം [൦൪൬]

ഭരത ഭാഷിതം സ്രവിച്ചു പൈത്രുകർമ്മ്ംമ തർപ്പണങ്ങൽ
ഭക്തിയായ് കഴിച്ചവിടെ രാമ രാമ പാഹിമാം [൦൪൭]

പാദുകം ഭരതനങ്ങു പൂജ ചേയ്തു കോള്ളുവാൻ
പ്രീതിയായ് കോടുത്തയച്ച രാമ രാമ പാഹിമാം [൦൪൮]

അത്രിതാപസാശ്രമേ ഗമിച്ചു നിങ്ങൽ മൂവരും
രാത്രിയും കഴിഞ്ഞവിടെ അന്യനാളുഷസ്സതിൽ [൦൪൯]

യാത്രയായ നേരമത്ര പദ്ധതിക്കെ തിർത്തൊരു
വീരനാം വിരാധനെ വധിച്ച രാമ പാഹിമാം [൦൫൦]

തിരിച്ചു നീ സരസമായ് ശരഭംഗാശ്രമവുമായ്
സുതീക്ഷ്ണവാടവും കടന്നു രാമ രാമ പാഹിമാം [൦൫൧]

അത്ഭുതാംഗനായിടും അഗസ്ത്യനേയു മൺജസാ
ആധി തീർത്തനുഗ്രഹിച്ച രാമ രാമ പാഹിമാം [൦൫൨]

പംചസായ കോപമാ ഗമിച്ചു പിന്നേ നീ മുദാ
പംചവടി തന്നിലങ്ങിരുന്ന രാമ പാഹിമാം [൦൫൩]

ശൂർപണഖ തന്നുടെയ കർണ്ണ നാസികാ കുചം
ശൂന്യ ലക്ഷ്മണാഗ്രജാ മുകുൻദ രാമ പാഹിമാം [൦൫൪]

വന്നൊരു ഖരാദിയേ വധിച്ചു മുക്തിയേകിയ
വാരിജ വിലോചനാ മുകുൻദ രാമ പാഹിമാം [൦൫൫]

വഹ്നി മണ്ഡലത്തിലന്നു സീതയോ മറഞ്ഞു പിന്നെ
മായയായ സീതതൻ മനോഭിരാമ പാഹിമാം [൦൫൬]

മാരീചൻറെ മായയാൽ മദിച്ചു വന്ന മാനിനെ
മാനമായ് പിടിപ്പതിന്നു പോയ രാമ പാഹിമാം [ംദൗ]

ആശ വിട്ടൊരുസരം തൊടുത്തയച്ചു സത്വരം
ഊശിയാക്കി മാനിനെ ഹനിച്ച രാമ പാഹിമാം [ംദവ്വ]

ലക്ഷ്മണൻ വരുന്നതങ്ങു കണ്ടു കാര്യമൊക്കെയും
തല്ക്ഷണം ഗ്രഹിച്ചു കൊണ്ട രാമ രാമ പാഹിമാം
[ംദൻ]

പരുഷമൊക്കെയും പറഞ്ഞു തമ്പിയോടങ്ങീർഷ്യയാ
പരിതപിച്ചങ്ങാഗമിച്ച രാമ രാമ പാഹിമാം [ംന്നും]

പത്നിയെ കാണാഞ്ഞിട്ടങ്ങു പിൻതിരിഞ്ഞു നോക്കിയും
പലവുരു പറഞ്ഞു കേണ രാമ രാമ പാഹിമാം [ംന്നുഫ]

കപട നാടകങ്ങളോന്നു മോർത്തതില്ല ലക്ഷ്മണൻ
കൂടവേ നടന്നുഴന്ന രാമ രാമ പാഹിമാം [ംന്നുവ]

പക്ഷിയാം ജടായുവോടു പത്നിതൻ വ്രിത്താൻതവും
ശിക്ഷയോടു കേട്ടറിഞ്ഞ രാമ രാമ പാഹിമാം [ംന്നുന]

ഭക്തനാം ജടായുവിന്നു മോക്ഷവും കോടുത്തു പിന്നെ
ശക്തനാം കബൻദനെ വധിച്ച രാമ പാഹിമാം [ംന്നുർ]

ശബരിയാശ്രമേ ഗമിച്ചു സര്വ്വ കാര്യവും ഗ്രഹിച്ചു
ശബരിയും ഗതിയടഞ്ഞു രാമ രാമ പാഹിമാം [൧൩൫]

ഋശ്യമൂക പാർശ്വമങ്ങണഞ്ഞ നേര മഞ്ജസാ
വിശ്വസിച്ച മാരുതിയോടു ആഗമിച്ച രാഘവാ [൧൩൬]

അർക്ക പുത്രനായിടുന്ന സുഗ്രീവനെ കണ്ടു തമ്മിൽ
സഖ്യവും കഴിച്ചു കൊണ്ട രാമ രാമ പാഹിമാം [൧൩൭]

കുന്നെടുത്തെറിഞ്ഞു പിന്നെ തന്നുടെ പരാക്രമം
കാട്ടി നിന്ന രാഘവാ മുകുൻദ രാമ പാഹിമാം [൧൩൮]

സപ്തസാലമേഴും അങ്ങൊരമ്പു കൊണ്ടു സത്വരം
ക്ലിപ്തമായ് പിളർന്നു നീ മുകുൻദ രാമ പാഹിമാം
[൧൩൯]

ഒളിച്ചു നിന്നു ബാലിയെ തിളച്ച അമ്പിനാലുടൻ
കൊല കഴിച്ച രാഘവാ മുകുൻദ രാമ പാഹിമാം [൧൪൦]

വന്നണഞ്ഞ താരതൻറെ ഖിന്നതയകറ്റി നീ
സന്ന ധൈര്യമേകിവിട്ട രാമ രാമ പാഹിമാം [൧൪൧]

അഗ്രജൻ മരിച്ചളവു സുഗ്രീവന്നു രാജ്യവും
ഉഗ്രമായ് കോടുത്തോരെൻ മുകുൻദ രാമ പാഹിമാം
[൧൪൨]

നാലു മാസവും കഴിഞ്ഞു വന്നീടാഞ്ഞു സുഗ്രീവൻ
നാട്യമോടു തമ്പിയേയയച്ച രാമ പാഹിമാം [൦൭൩]

ദേവിയെത്തിരഞ്ഞു പോവതിന്നു വന്ന വാനര
സേന കണ്ടു ഭാവമാർന്ന രാമ രാമ പാഹിമാം [൦൭൪]

അംഗുലീയമാശു പിന്നെ ആസ്തയോടുമപ്പോഴേ
അംജനാ തനയനീണ്ട രാമ രാമ പാഹിമാം [൦൭൫]

സീതയോടു ചൊലവതിന്നു ശില്പമായ വാക്യവും
ചൻതമോഡു ചൊല്ലി വിട്ട രാമ രാമ പാഹിമാം [൦൭൬]

ദേവിതൻ മുഖാരവിൻദം ആശു കണ്ടിഡാഞ്ഞഹോ
വേദനകൽ പൂണ്ടിരുന്ന രാമ രാമ പാഹിമാം [൦൭൭]

വന്നതില്ല മാരുതി വരുന്നുവോ വരുന്നുവോ
എന്നു പാർത്തു പാർത്തിരുന്ന രാമ രാമ പാഹിമാം [൦൭൮]

വന്നടിപണിഞ്ഞു നിന്നൊരംജനാതനയനെ
നൻദി പൂര്വ്വമാശ്ലേഷിച്ച രാമ രാമ പാഹിമാം [൦൭൯]

സീതയങ്ങു കാട്ടുവാൻ കോടുത്തയച്ച നന്മണി
വീതശംകമായ് വഹിച്ച രാമ രാമ പാഹിമാം [൦൮൦]

ലംകതൻ വിശേഷവും ലവണ സാഗരം കടന്ന
സംകടങ്ങളും ഗ്രഹിച്ച രാമ രാമ പാഹിമാം [൦൯൧]

മംകമാർ മണിയതായ ലംകാശ്രീ ഗമിച്ചതും
മാരുതിയാലങ്ങറിഞ്ഞ രാമ രാമ പാഹിമാം [൦൯൨]

നീളവേ തിരഞ്ഞു പിന്നെ സീതയങ്ങു കണ്ടതും
ആളിമാരുടെ ഭയങ്ങളാകെ വന്നുരച്ചതും [൦൯൩]

ദേവിയോടു മാരുതി അടിപണിഞ്ഞു ചൊന്നതും
ദേവിയങ്ങതിന്നുടൻ പറഞ്ഞ വാറു മൊക്കവേ [൦൯൪]

പൂവനമഴിച്ചതും പുരങ്ങളാശു കണ്ടതും
പുത്തനായ കോട്ട കൊത്തളങ്ങളങ്ങിടിച്ചതും [൦൯൫]

അക്ഷകുമാരനെ നീഹനിച്ചുവേന്ന വാർത്തയും
അംജനാതനയനാലറിഞ്ഞ രാമ പാഹിമാം [൦൯൬]

ഇൻദ്രജിത്തിനോടെതിർത്തു ബ്രഹ്മപാശമേട്ടതും
ഇംഗിതത്തോടങ്ങറിഞ്ഞ രാമ രാമ പാഹിമാം [൦൯൭]

ഭക്തനാം വിഭീഷണൻ തടുത്തു ചൊന്ന നീതിയും
വ്യക്തമായറിഞ്ഞു കൊണ്ട രാമ രാമ പാഹിമാം [൦൯൯]

ലംക ചുട്ടു ഭസ്മമാക്കി വന്ന മാരുതിക്കുടൻ
  സംകടങ്ങളാശു തീർത്ത രാമ രാമ പാഹിമാം [ം൯ൻ]

രാവണാ വിചേഷ്ടിതങ്ങളങ്ങറിഞ്ഞു കൊണ്ടുടൻ
  രാവണാ വധത്തിനായെഴുന്ന രാമ പാഹിമാം [ംൻം]

അഭയമോടു വന്നിരന്ന ഭക്തനാം വിഭീഷണന്നു
  അപ്പോഴേ മുടി കോടുത്ത രാമ രാമ പാഹിമാം [ംൻ൧]

ലംകയിൽ കടപ്പതിന്നു ലവണമാകുമബ്ധിയേ
  ലക്ഷ്യമായ് ശരം തോടുത്ത രാമ രാമ പാഹിമാം [ംൻ൨]

വൻചിറ തൊടുത്തു പിന്നെ വാച്ചമോദ മോടുടൻ
  വാരിധി കടന്നു ചെന്ന രാമ രാമ പാഹിമാം [ംൻ൩]

രാക്ഷസാ വധത്തിനായോരുങ്ങി വാനരരോടും
  കാംക്ഷയോടു ചെന്നെതിർത്ത രാമ രാമ പാഹിമാം [ംൻ൪]

യുദ്ധവും തുടർന്നു പിന്നെ ബദ്ധവൈരമോടുടൻ
  ശസ്ത്രമാരി തൂകിനിന്ന രാമ രാമ പാഹിമാം [ംൻ൫]

കമ്പമാർന്ന രാവണൻറേ തമ്പിയായ് വിലസീടുന്ന
  കുമ്പകർണ്ണനെ ഹനിച്ച രാമ രാമ പാഹിമാം [ംൻ൬]

നാരദ സ്തുതികൽ കേട്ടു  തന്മനം തേളിഞ്ഞു കൊണ്ടു
നൻദിയോടനുഗ്രഹിച്ച  രാമ രാമ പാഹിമാം [൦൯൭]

മേഘനാദ വിക്രമൻറെ  അമ്പിനാൽ കപടമായ്
മേദിനിയോടാശു ചേർന്ന  രാമ രാമ പാഹിമാം [൦൯൮]

അംജനാതനയനിങ്ങു  കൊണ്ടു വന്നോരൌഷധാൽ
ആശ്വസിച്ച രാഘവാ  മുകുൻദ രാമ പാഹിമാം [൦൯൯]

ഇൻദ്രജിത്തിനെ വധിച്ച  സുൻദര കുമാരനായ
ലക്ഷ്മണാഗ്രജ വിഭോ  മുകുൻദ രാമ പാഹിമാം [൧൦൦]

ബന്ധുവാമഗസ്ത്യനോടു  മൻത്രവും ഗ്രഹിച്ചു തത്ര
ചൻദമായ് രണം തുടർന്ന  രാമ രാമ പാഹിമാം [൧൦൧]

ദുഷ്ടനാം ദശാനനൻറേ  കണ്ഠവും മുറിച്ചു പിന്നെ
ശിഷ്ടരക്ഷ ചേയ്തു കൊണ്ട  രാമ രാമ പാഹിമാം [൧൦൨]

രാക്ഷസാകുലം മുടിച്ചു  രക്ഷയും വസുൻധരക്കു
തല്ക്ഷണേ വരുത്തി വെച്ച  രാമ രാമ പാഹിമാം [൧൦൩]

വഹ്നി മൻഡലേ യിരുന്ന  സീതയെ വഹിച്ചു കൊണ്ടു
വന്നയോദ്ധ്യ പുക്കിരുന്ന  രാമ രാമ പാഹിമാം [൧൦൪]

രത്ന മകുടവും ധരിച്ചു ദേവിയോടു കൂടവേ
രത്ന മംച മങ്ങതിൽ വസിച്ച രാമ പാഹിമാം [൱൦൬]

രാജ്യ വാസിയായവർക്കു പൂജ്യനായിരുന്നു തത്ര
രാജ്യപാലനം വഹിച്ച രാമ രാമ പാഹിമാം [൱൦൭]

സൻധ്യനാമ സംഗ്രഹം കലി വിനാശനം പരം
സൻധ്യനേരമിങ്ങനേ ജപിക്ക നിമ്മൽ സാദരം [൱൦൮]

ഭക്തിയോഡു സൻധ്യനാമ കീർത്തനം കഴിച്ചുഞാൻ
മുക്തി വന്നിടാൻ മുകുൻദ രാമ രാമ പാഹിമാം [൱൦൯]

ശ്രീ രാമജയം